# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *128 — 14/06/2013 - ലെ മറുപടിയ്ക്ക്

## കൊടുംവരൾച്ചയിൽ കൃഷിനാശവും വിളനഷ്ടവും സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ഇ. പി. ജയരാജൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൊടുംവരൾച്ചയിൽ കൃഷിനാശവും വിളനഷ്ടവും സംഭവിച്ച് ദുരിതമനുഭവിക്കുന്ന കർഷകർക്കായി നഷ്ടപരിഹാര തുക നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ കർഷകർക്ക് തുടർന്ന് കാർഷിക വൃത്തിയിലേർപ്പെടാൻ എന്തെല്ലാം സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; | (എ) & (ബി) ഉണ്ട്. വരൾച്ചക്കെടുതി അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് നിലവിലുള്ള മാനദണ്ഡമനുസരിച്ച് ധന സഹായം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത നിവാരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള നഷ്ടപരിഹാരത്തുക ജില്ലാ കളക്ടർമാർ മുഖേന നൽകി വരുന്നു. വരൾച്ച മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ധന സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിനായി കൃഷി ഭവനുകളിൽ അപേക്ഷ സ്വീകരിച്ച് നഷ്ടപരിഹാര ത്തുക കണക്കാക്കിയിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് തുടർന്ന് കൃഷയിറക്കാൻ ഹ്രസ്വകാല വിളകളുടെ വിത്തും നടീൽ വസ്തുക്കളും സൗജന്യമായി നൽകുന്നതാണ്. പൂർണ്ണമായും നെൽകൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി 795.892 മെട്രിക് ടൺ വിത്ത് സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. |

കൂടാതെ 2013-14 ലെ വാർഷിക പദ്ധതിയിൽ കർഷകരുടെ അഭിവൃദ്ധിക്കായി 808.16 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതികൾ വരൾച്ച മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്കും ആശ്വാസകരമാകുന്നതാണ്.

| | | | |
|---|---|---|---|
| (സി) | വരൾച്ചയുടെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാരിനോട് എന്തെല്ലാം സഹായങ്ങളാണ് അഭ്യർത്ഥിച്ചിരുന്നത്; | (സി) | സംസ്ഥാനമാകെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനു ശേഷം കാർഷിക മേഖലയിലുണ്ടായ 5810.66 കോടി രൂപയുടെ നാശനഷ്ടമുൾപ്പെടെ എല്ലാ മേഖലയിലെയും നഷ്ടം വിലയിരുത്തി 23/02/2013 ൽ 7888.0965 കോടി രൂപയുടെ അധിക ധനസഹായത്തിനുള്ള മെമ്മോറാണ്ടം സമർപ്പിച്ചു. കൂടാതെ പ്രത്യേക പാക്കേജായി 3936.81 കോടി രൂപ അനുവദിക്കണമെന്ന പ്രധാനമന്ത്രിയോട് അപേക്ഷിച്ചിട്ടുണ്ട്. ഈ പാക്കേജിന്റെ ഭാഗമായി നെൽകൃഷിക്കും സ്ഥിരവിളകൾക്കും നഷ്ടം സംഭവിച്ചിട്ടുള്ള കർഷകർക്ക് പുതിയ വിളയിറക്കുവാനും വരൾച്ച പ്രതിരോധിക്കുവാനും സാധിക്കുന്ന തരത്തിലുള്ള തൈകളും, വളവും ജലസേചനവും തൊഴിൽ സേവനവും ലഭ്യമാക്കുവാൻ സർക്കാർ താൽപര്യപ്പെടുന്നതായും അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസംഘം 17/03/2013 മുതൽ 21/03/2013 വരെ വരൾച്ചാ നാശനഷ്ടം വിലയിരുത്തുകയുണ്ടായി. |
| (ഡി) | അതിനനുസരിച്ച് കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ? | (ഡി) | നാല് ജില്ലകളെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിനെത്തുടർന്ന് കേന്ദ്രസർക്കാരിന് സമർപ്പിച്ച 1995 കോടി രൂപയുടെ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് 62.61 കോടി രൂപ വരൾച്ചയ്ക്കായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതിൽ നിന്ന് 18.31 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ